**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3688** | **26-10-2021 - ൽ മറുപടിയ്ക്ക്**

**ശാരീരികക്ഷമത ഉയർത്താൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജനങ്ങൾ നൂറ് ശതമാനം ശാരീരികക്ഷമത കൈവരിക്കാൻ കായിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | എല്ലാ ജനങ്ങൾക്കും കായികക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും നേടിക്കൊടുക്കുന്നതിനായി സാക്ഷരതാ മിഷൻ മാതൃകയിൽ, കായികക്ഷമതാ മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പദ്ധതി വൈകാതെ യാഥാർത്ഥ്യമാക്കുന്നതാണ്. കായിക അവബോധം സ്കൂൾ തലത്തിൽ തന്നെ തുടങ്ങേണ്ടത് അത്യാവശ്യമാണ്. കുട്ടികൾ അനാരോഗ്യശീലങ്ങൾക്ക് അടിമപ്പെടാതെ, അവരുടെ ആരോഗ്യം സംരക്ഷിക്കാനും മികച്ച ഒരു തലമുറയെ വാർത്തെടുക്കാനും ഇതു സഹായിക്കും. ഈ സാഹചര്യത്തിൽ കായിക വിദ്യാഭ്യാസം ചെറിയ ക്ലാസ്സുകളിൽ തന്നെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ധാരണയായിട്ടുണ്ട്. |
| (ബി) | നഴ്സറി മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് കോവിഡ് കാലത്ത് വീടുകളിൽ തന്നെ കായിക പരിശീലനം നൽകുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | നഴ്സറി മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് കോവിഡ് കാലത്ത് വീടുകളിൽ തന്നെ കായിക പരിശീലനം നൽകുന്നതിന് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാഡമികളിലെ 8-ാം ക്ലാസ്സ് മുതൽ ബിരുദതലം വരെയുള്ള കായിക താരങ്ങൾക്ക് അവരുടെ കായികക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക് ഡൗൺ സമയത്ത് വീട്ടിലിരുന്ന് തന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ പരിശീലനം നടത്തിയിരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ, ജി.വി.രാജാ സ്പോർട്സ് സ്കൂൾ, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായിക താരങ്ങൾക്ക് ശാരീരികക്ഷമത |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിലേയ്ക്കായി പോക്ഷകാഹാര കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. |
| (സി) | വൈകല്യമുള്ളവർക്ക് കായിക പരിശീലനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കാമോ; | (സി) | ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന സ്പോർട്സ് കൗൺസിൽ ഓഫ് ദി ഡഫ് എന്ന കായിക സംഘടനയ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത അസോസിയേഷൻ മുഖേന പരിശീലനം നൽകുന്നതിന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | കായികക്ഷമതയുടെ ഭാഗമായി സൈക്ലിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ, കോളേജ് സ്പോർട്സ് അക്കാദമികൾ എന്നിവിടങ്ങളിൽ വിദഗ്ധരായ പരിശീലകരുടെ നേതൃത്വത്തിൽ സൈക്ലിംഗ് പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ